**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3079** 18-06-2019 -ൽ മറുപടിക്ക്

**ദുരന്തനിവാരണ മാർഗ്ഗരേഖ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള പുതിയ മാർഗ്ഗരേഖയുടെ കരട് പുറത്തിറക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഫോനി ചുഴലി കൊടുങ്കാറ്റിനെ ഒഡീഷ സർക്കാർ ഫലപ്രദമായി പ്രതിരോധിച്ച അനുഭവം കൂടി ഉൾപ്പെടുത്തി പ്രസ്തുത മാർഗ്ഗരേഖയുടെ അന്തിമ രേഖ തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ? | ബി) | ഫോനി ചുഴലികാറ്റിൽ ഒറീസ്സ സ്വീകരിച്ചത് ചുഴലികാറ്റിന്റെ അടിയന്തിരഘട്ട പ്രതികരണ പ്രവർത്തന രൂപ രേഖയുടെ അടിസ്ഥാനത്തിൽ ഉള്ള നടപടികൾ ആണ്. മേൽ രൂപ രേഖയിൽ പ്രതിപാദിക്കുന്ന സമയ ക്രമത്തിൽ ഒറീസ്സയിൽ ലഭിച്ചതുപോലെ 72 മണിക്കൂർ മുൻപ് മുന്നറിയിപ്പുകൾ ലഭിച്ചാൽ അത്തരം ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കുന്നതിന് ഉതകുന്ന സംവിധാനങ്ങൾ മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഒറീസ്സയിൽ കേന്ദ്ര കാലവസ്ഥാ വകുപ്പ് സ്ഥാപിച്ചിട്ടുള്ളത് പോലെ തീരത്ത് ചുഴലികാറ്റ് മുന്നറിയിപ്പ് സംവിധാനങ്ങൾ (Cyclone Warning Dessimination System) കേരളത്തിലും സ്ഥാപിക്കണം എന്നു സർക്കാർ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ തിരുവനന്തപുരത്ത് ചെന്നൈ ചുഴലിക്കാറ്റ് പ്രവചന സെന്ററിന്റെ ഒരു ഉപകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. മേൽ കേന്ദ്രം ഒരു പൂർണ്ണ ചുഴലിക്കാറ്റ് പ്രവചന സെന്റർ ആക്കണമെന്നും കേന്ദ്ര കാലാവസ്ഥാ |

| | | | |
|---|---|---|---|
| | | | വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചുഴലിക്കാറ്റ് പ്രവചന-മുന്നറിയിപ്പ് സംവിധാനങ്ങൾ കാര്യക്ഷമം ആയാൽ മാത്രമേ ഇത്തരം ദുരന്തങ്ങളിൽ മുൻകൂട്ടി നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ